**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **08-12-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ സ്ഥലം ഐ.എച്ച്.ആർ.ഡിക്ക് വിട്ടുനൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ 50.75 സെന്റ് സ്ഥലം ഐ.എച്ച്.ആർ.ഡി. ക്ക് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടി അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി പേട്ട ഗവ.ഹൈസ്കൂളിന്റെ 50.75 സെന്റ് സ്ഥലം ഐ.എച്ച്.ആർ.ഡി. ക്ക് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിമാർ സംയുക്തമായി ചേർന്ന യോഗത്തിന്റെ മിനിട്സ് തയാറാക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | പ്രസ്തുത ആവശ്യത്തിന് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയത് എന്നാണെന്നും നാളിതുവരെയായിട്ടും പ്രസ്തുത കത്തിന് മറുപടി നൽകാത്തത് എന്തുകൊണ്ടെന്നും അറിയിക്കാമോ; | (സി) | കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ 50.75 സെന്റ് സ്ഥലം ഐ.എച്ച്.ആർ.ഡി. ക്ക് വിട്ടുനൽകുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ 25.08.2022 ലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളത്. ടി റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ 21.11.2022 ൽ വീണ്ടും കത്തയച്ചിട്ടുണ്ട്. പ്രസ്തുത വിഷയം നിലവിൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് വരുന്നു. |
| (ഡി) | അഫിലിയേഷൻ നഷ്ടപ്പെടുന്ന സാഹചര്യമുള്ളതിനാൽ നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത സ്ഥലം ഐ.എച്ച്.ആർ.ഡി. ക്ക് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ടി സ്ഥലം ഐ.എച്ച്.ആർ. ഡി. ക്ക് വിട്ടുനൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ 11.07.2022 - ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.**

യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

യോഗം 4.00 pm ന് ആരംഭിച്ചു. ഐ.എച്ച്.ആർ.ഡിയുടെ വിവിധ സ്ഥാപനങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**1. ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് ,കാഞ്ഞിരപ്പള്ളി :-**

ഐ.എച്ച്.ആർ.ഡിയുടെ കാഞ്ഞിരപ്പള്ളിയിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി പേട്ട ഗവ. ഹൈസ്കൂൾ ക്യാമ്പസ്സിലെ ഒഴിഞ്ഞു കിടക്കുന്ന പഴയ ഓടിട്ട കെട്ടിടങ്ങളിലാണ് താൽക്കാലികമായി പ്രവർത്തിച്ചുവരുന്നത്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതുകാരണം ഈ സ്ഥാപനം നേരിടുന്ന പ്രശ്നങ്ങൾ, ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ.എൻ.ജയരാജും ഐ.എച്ച്.ആർ.ഡി ഡയറക്ടറും യോഗത്തിൽ വിശദീകരിച്ചു. സ്വന്തമായ സ്ഥിരം ക്യാമ്പസ്സിലേക്ക് കോളേജ് മാറ്റി സ്ഥാപിക്കണമെന്ന് എം.ജി.യൂണിവേഴ്സിറ്റി കർശന നിർദ്ദേശം നൽകിയിരിക്കുകയാണ്. ഐ.എച്ച്.ആർ.ഡിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വില കൊടുത്തു വാങ്ങുവാൻ നിർവ്വാഹമില്ല. സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളൊന്നും ഫലപ്രാപ്തി കണ്ടിട്ടില്ല. ഈ സാഹചര്യത്തിൽ കോളേജ് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഗവ. ഹൈസ്കൂൾ ക്യാമ്പസ്സിൽ തന്നെ കോളേജിനാവശ്യമായ കെട്ടിടം പണിയുന്നതിനുള്ള ഭൂമി അനുവദിക്കണമെന്ന് ബഹു.എം.എൽ.എ അഭ്യർത്ഥിച്ചു. ഈ വിഷയം യോഗത്തിൽ വിശദമായി ചർച്ച ചെയ്തു. ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്, കാഞ്ഞിരപ്പള്ളി പേട്ട ഗവ.ഹൈസ്കൂൾ ക്യാമ്പസ്സിൽ അനുവദിക്കാൻ സാധിക്കുന്ന ഭൂമിയുടെ സ്കെച്ച് തയ്യാറാക്കി, ഇത് അനുവദിക്കുന്നതിനുള്ള അപേക്ഷ ഐ.എച്ച്.ആർ.ഡി ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിക്കണമെന്ന് തീരുമാനിച്ചു.

**2. ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് ,നാദാപുരം :-**

ഐ.എച്ച്.ആർ.ഡിയുടെ നാദാപുരത്ത് പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കല്ലാച്ചി ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ഒഴിഞ്ഞു കിടക്കുന്ന പഴയ ഓടിട്ട കെട്ടിടങ്ങളിലാണ് താൽക്കാലികമായി പ്രവർത്തിച്ചുവരുന്നത്. സ്വന്തമായി കെട്ടിടമില്ലാത്തത് കാരണം ഈ കോളേജ് നേരിടുന്ന പ്രശ്നങ്ങൾ ബഹു.നാദാപുരം

എം.എൽ. എ. ശ്രീ.ഇ.കെ.വിജയനും ഐ.എച്ച്.ആർ.ഡി ഡയറക്ടറും യോഗത്തിൽ വിശദീകരിച്ചു. കല്ലാച്ചി ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ക്യാമ്പസ്സിൽ 50 സെന്റ് ഭൂമി കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് ഐ.എച്ച്.ആർ.ഡിക്ക് സർക്കാർ പാട്ടത്തിന് അനുവദിച്ചിരുന്നു. ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും 50 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും ചെയ്തിരുന്നു. എന്നാൽ ഈ സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ മറ്റേതെങ്കിലും സ്ഥലം ലഭ്യമാക്കുന്നതിന് ശ്രമങ്ങൾ നടത്തിയെങ്കിലും ഇതുവരെ സാധ്യമായിട്ടില്ല. ഈ വിഷയം യോഗത്തിൽ വിശദമായി ചർച്ച ചെയ്തു. ഐ.എച്ച്.ആർ.ഡിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും എഞ്ചിനീയർമാർ കോളേജിന് അനുവദിച്ച സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള സാധ്യത ഒരിക്കൽ കൂടി പരിശോധിക്കണം എന്ന് യോഗത്തിൽ തീരുമാനിച്ചു.

3. **ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ്, മാവേലിക്കര :-**

ഐ.എച്ച്.ആർ.ഡിയുടെ മാവേലിക്കര കോളേജ് ഓഫ് അപ്ലൈഡ് സയൻസ്. മാവേലിക്കര ഗവ. ഹയർ സെക്കന്ററി സ്കൂളിൽ സർക്കാർ അനുവദിച്ച സ്ഥലത്താണ് പ്രവർത്തിച്ചു വരുന്നത്. ഈ സ്ഥാപനം കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത മൂലം നേരിടുന്ന പ്രശ്നങ്ങൾ ബഹു.മാവേലിക്കര എം.എൽ.എ, ശ്രീ.എം.എസ്സ്. അരുൺകുമാറും ഐ.എച്ച്.ആർ.ഡി ഡയറക്ടറും യോഗത്തിൽ വിശദീകരിച്ചു. ഈ ക്യാമ്പസിനോട് ചേർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ടെക്സ്റ്റ് ബുക്ക് ഡിപ്പോ ആയി പ്രവർത്തിച്ചിരുന്ന ഒരു പഴയ കെട്ടിടം നിലവിലുണ്ട്. ഈ കെട്ടിടം വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ കെട്ടിടം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് അനുവദിച്ചാൽ, ആവശ്യമായ അറ്റകുറ്റപണികൾ നടത്തി കോളേജിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുമെന്ന് ബഹു. എം.എൽ.എ അറിയിച്ചു. ഇതിനുവേണ്ടി ഐ.എച്ച്.ആർ.ഡി സർക്കാരിലേയ്ക്ക് (പൊതു വിദ്യാഭ്യാസ വകുപ്പ് ) അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ആയത് സർക്കാർ നിരസിച്ചിരുന്നു. ഈ വിഷയം വിശദമായി ചർച്ച ചെയ്തു. മാവേലിക്കരയിൽ ടെക്സ്റ്റ് ബുക്ക് ഡിപ്പോ ആയി പ്രവർത്തിച്ചിരുന്ന കെട്ടിടം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് അനുവദിക്കുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി.

**യോഗത്തിൽ പങ്കെടുത്തവർ :-**

1. ഡോ.എൻ ജയരാജ് ,ചീഫ് വിപ്പ് ,കേരളാ നിയമ സഭ
2. ശ്രീ.ഇ.കെ.വിജയൻ, എം.എൽ.എ. നാദാപുരം.
3. ശ്രീ.എം.എസ്.അരുൺ കുമാർ. എം.എൽ.എ. മാവേലിക്കര

4. ശ്രീ.ജീവൻ ബാബു .ഐ.എ.എസ് , ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
5. ശ്രീമതി.ജയശ്രീ.എം, ജോയിന്റ് സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
6. ശ്രീ.രാജേഷ് .എം, ഡെപ്യൂട്ടി സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ വകുപ്പ്
7. ശ്രീമതി.ധന്യ.ആർ.കുമാർ,ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ (എംപ്ലോയ്മെന്റ്),പൊതു വിദ്യാഭ്യാസ വകുപ്പ്
8. ഡോ.പി.സുരേഷ് കുമാർ, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി
9. ശ്രീ.ശ്രീകുമാർ.എൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.എച്ച്.ആർ.ഡി

Namitha P
സെക്ഷൻ ഓഫീസർ